(ബി) താമസിക്കുന്ന വീടിന്റെ അടുക്കളയിലും വീട്ടിനുള്ളിലും മൃതദേഹങ്ങൾ കുഴിച്ചിടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും ബഹു. സുപ്രീംകോടതി വിധിയിൽ നിർദ്ദേശിച്ചപ്രകാരം മൃതശരീരങ്ങൾക്ക് മാന്യമായ സംസ്കാരം ലഭിക്കണമെങ്കിൽ നിർബന്ധമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പൊതുശ്മശാനം സ്ഥാപിക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പുവരുത്തുന്നതിലേയ്ക്ക് പ്രോത്സാഹനം എന്ന നിലയിൽ സർക്കാർ പദ്ധതി ധനസഹായം നൽകിവരുന്നു. ഇതിലേയ്ക്കുള്ള ധനസഹായത്തിന് ഗ്രാമപഞ്ചായത്തുകളിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത, സ്ഥലലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് അർഹരായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിച്ചുവരുന്നു. 2015-16 വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 20 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ജില്ലാപഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് വാഹനം

189 (3027) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് വാഹനം അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർക്ക് വാഹനം അനുവദിച്ചിട്ടുണ്ട് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഇല്ലെങ്കിൽ ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് വാഹനം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് വാഹനം അനുവദിച്ചിട്ടില്ല.

(ബി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly